ചിതൽതീനി

—കോന്നിയൂർ ആർ. നരേന്ദ്രനാഥ്

നാലടി നീളവും രണ്ടടിപൊക്കവുമുള്ള സാമാന്യം വലിപ്പമുള്ള നാൽക്കാലിമൃഗം. കഴുതച്ചെവികൾ, തീററി തികയാതെ പട്ടിണികിടന്നു് പൂടപൊഴിഞ്ഞു്, മാംസം ചുരുങ്ങിയ, പശുക്കിടാവിൻെറ തലയെങ്ങിനെയിരിക്കും? അതുപോലെ തോന്നുന്ന സാമാന്യം നീണ്ട തല. മോന്തയുടെ അററത്തു് മൂക്കു്. ആവശ്യമനുസരിച്ചു് അതു് അടയ്ക്കാൻ ഉതകുന്ന അയഞ്ഞ ചർമ്മം. രണ്ടടിയോളം നീളമുള്ള വാൽ. ബലിഷ്ഠമായ പിൻകാലുകൾ. ഉറപ്പുള്ള നഖങ്ങളോടു കൂടിയ കുറുകിയ മുൻകാലുകൾ- ആകപ്പാടെ വികൃതമാണു് രൂപം എന്നു പറയേണ്ടതായിട്ടില്ല. ഭയങ്കരനാണെന്നു തോന്നാമെങ്കിലും വളരെ പാവമാണു്. തീററി ചിതലാണു്. പിന്നെ പാററ[illegible]ല്ലാതാകുമോ? പക്ഷേ, ആളുമോശമല്ല. എത്ര കഠിനമായ ചിതൽപ്പുററും പൊട്ടിക്കാൻ മിടുമിടുക്കൻ. പുററിൽ പോടുണ്ടാക്കി, അതിലൂടെ നീളമുള്ള നാക്കു് അകത്തു കടത്തി, ചിതലുകളെ ഒപ്പിയെടുത്തു വിഴുങ്ങും. അങ്ങിനെ വേണം വിശപ്പടക്കാൻ. അതുകൊണ്ടാണു് പതിനഞ്ചു് ഇഞ്ചോളം നീളമുള്ള നാക്കു് അതിനുള്ളതും.

എന്താണു് ഈ ജന്തുവെന്നല്ലേ? ആഫ്രിക്കയിൽ എമ്പാടുമുള്ള ഒന്നാണിതു്. പ്രത്യേകിച്ചു് സഹാറാ മരുപ്രദേശത്തു് തെക്കുള്ള, വൻ കാടുകളൊഴിച്ചുള്ള ഭാഗങ്ങളിൽ. പക്ഷേ അതിനെ കാണാൻ കിട്ടുന്നതു് കുറെ വിഷമമാണു്. ഇതിൻെറ പേരാണു് ചിതൽതീനി. ഇംഗ്ലീഷിൽ Aardvark എന്നാണു്.

വളരെ രഹസ്യമായിട്ടാണു് ജീവിതം. രാത്രിയിലേ പുറത്തേയ്ക്കു് ഇറങ്ങൂ. അല്ലാത്ത കാലത്തു് മാളത്തിലാണു് ഇരിപ്പു്. മാളം ഉണ്ടാക്കാനുള്ള വൈദഗ്ദ്ധ്യം ഇതുപോലെ മറെറാരു ജീവിക്കുമില്ല. ശത്രുഭയമുണ്ടായാൽ അത്യന്തം വേഗത്തിൽ മാളം ഉണ്ടാക്കി മണ്ണിൽ ഒതുങ്ങും. ശത്രുക്കളും ധാരാളമുണ്ടു് ചിതൽതീനിക്കു്. ഏററവും വലിയ ശത്രു മനുഷ്യൻ തന്നെ. പിന്നെ പെരുമ്പാമ്പും, പുലിയും, വേട്ടനായ്ക്കളുമെല്ലാം.

മദ്ധ്യവേനൽക്കാലത്താണു് പ്രസവം നടക്കുക; അതിനായി തയ്യാറാക്കിയ മാളത്തിൽവച്ചു്. സാധാരണയായി ഒരു കുഞ്ഞേ കാണൂ. ചിലപ്പോൾ ഇരട്ടകളും ഉണ്ടായെന്നിരിക്കും. കുഞ്ഞിനെ ആറു മാസത്തോളം തള്ള പോററിവളർത്തും. പിന്നെ സ്വന്തം പാടുനോക്കിപ്പോകാൻ നിർബന്ധിതനാണു്.

ശാസ്ത്രജ്ഞന്മാർക്കു് ഇതു് ഒരു പ്രശ്ന ജന്തുവാണു്. ഏതു കുലത്തിൽ അതിനെ പെടുത്തണമെന്നു തിട്ടപ്പെടുത്താൻ കുറെ വിഷമങ്ങളുണ്ടു്. അതുകൊണ്ടു് വർഗ്ഗീകരണത്തിൽ, ഒരു പ്രത്യേക കുലം തന്നെ അതിനു കൊടുത്തിരിക്കുന്നു. പ്രാചീനകാലത്തു് ഏഷ്യയിലും, വടക്കേ അമേരിക്കയിലും യൂറോപ്പിലുമെല്ലാമുണ്ടായിരുന്നു ഈ ചിതൽതീനി. പക്ഷേ ഇന്നു് ആഫ്രിക്കയിൽ മാത്രമേയുള്ളു. വർഗ്ഗനാശത്തിൻെറ വക്കിലെത്തിയിട്ടുണ്ടു് ഇതെന്നാണു് ജന്തുശാസ്ത്രജ്ഞന്മാർ ഇന്നു സംശയിക്കുന്നതു്.

...

Feb, 81